## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4311. 24.06.2019 ൽ മറുപടിയ്ക്ക്**

**മെഡിക്കൽ ഷോപ്പുകൾ കേന്ദ്രീകരിച്ചുള്ള ലഹരി മരുന്ന് കച്ചവടം**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | മെഡിക്കൽ ഷോപ്പുകൾ കേന്ദ്രീകരിച്ച് വൻലഹരി മരുന്ന് കച്ചവടം നടക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | മെഡിക്കൽ ഷോപ്പുകളിലൂടെ ലഹരി വസ്തുക്കൾ വിൽക്കുന്നുണ്ടോ എന്നത് സംബന്ധമായി ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തി വരുന്നുണ്ട്. |
| (ബി) | മെഡിക്കൽ ഷോപ്പുകളിലൂടെ ലഹരി വസ്തുക്കൾ വിൽക്കുന്നത് പരിശോധനയ്ക്ക് വിധേയമാക്കുമോ; | | |
| (സി) | മെഡിക്കൽ ഷോപ്പുകളിലെ ലഹരി വസ്തുക്കൾ പിടിച്ചെടുക്കുവാൻ എക്സൈസ് വകുപ്പിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ; വ്യക്തമാക്കുമോ; | (സി) | നിലവിൽ മെഡിക്കൽഷോപ്പുകൾ പരിശോധിക്കുന്നതിന് എക്സൈസ് വകുപ്പിന് അധികാരമില്ല. ആയതിനാൽ ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥരുമായി ചേർന്ന് മെഡിക്കൽ സ്റ്റോർ പരിശോധന നടത്തിവരുന്നുണ്ട്. |
| (ഡി) | 2016 ജനുവരി മുതൽ മൊത്തവിതരണ മെഡിക്കൽ ഷോപ്പുകളിൽ നിന്നും മറ്റ് മെഡിക്കൽ ഷോപ്പുകളിൽ നിന്നും പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ വിവരം ലഭ്യമാക്കുമോ? | (ഡി) | 2016 ജനുവരി മുതൽ നാളിതുവരെ മൊത്തവിതരണ മെഡിക്കൽഷോപ്പുകളിൽ നിന്നോ മറ്റ് മെഡിക്കൽഷോപ്പുകളിൽ നിന്നോ ലഹരി വസ്തുക്കളൊന്നും പിടിച്ചെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ